18-12-2021

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -18/12/2021

1. നെൽവയൽ സംരക്ഷിച്ച് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കുന്നതിനും വേണ്ടി കൃഷിയോഗ്യമായ നെൽവയലുകളുടെ ഉടമസ്ഥർക്ക് ഒരു ഹെക്ടറിന് 2000 രൂപ നിരക്കിൽ വർഷത്തിൽ ഒരു തവണ ഉടമസ്ഥർക്ക് ഹെക്ടറൊന്നിന് 2000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

2. കാർഷിക മേഖലയിലെ അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതാണ്.

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ തിരുവനന്തപുരം പാറോട്ടുകോണത്ത് സ്ഥിതിചെയ്യുന്ന ജില്ലാമണ്ണ് പരിശോധനശാലയിൽ കൃഷി ഓഫീസറുടെ ശുപാർശ കത്തോടുകൂടി വരുന്ന കർഷകർക്ക് സൗജന്യമായി മണ്ണ് പരിശോധിച്ച് വളപ്രയോഗ ശുപാർശ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2533044** എന്ന ഫോൺ നമ്പരിലോ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ മണ്ണ് പരിശോധനശാല, പാറോട്ടുകോണം, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

4. റബ്ബർകൃഷി ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **ഡിസംബർ 20** വരെ നീട്ടി. 2018, 2019 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകരിൽനിന്നാണ് ധനസഹായത്തിന് റബ്ബർബോർഡ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്കു വിധേയമായി ഒരു ഹെക്ടറിനു വരെ ധനസഹായത്തിന് അർഹതയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ സർവ്വീസ് പ്ലസ് വെബ് പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിലോ റബ്ബർബോർഡ് റീജിയണൽ ഓഫീസ്, ഫീൽഡ് സ്റ്റേഷൻ എന്നിവിടങ്ങളിലോ **0481 2576622** എന്ന റബ്ബർബോർഡ് കോൾസെന്റർ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ തിരുവനന്തപുരം പാറോട്ടുകോണത്ത് സ്ഥിതിചെയ്യുന്ന ജില്ലാമണ്ണ് പരിശോധനശാലയിൽ കൃഷി ഓഫീസറുടെ ശുപാർശ കത്തോടുകൂടി വരുന്ന കർഷകർക്ക് സൗജന്യമായി മണ്ണ് പരിശോധിച്ച് വളപ്രയോഗ ശുപാർശ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2533044** എന്ന ഫോൺ നമ്പരിലോ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ മണ്ണ് പരിശോധനശാല, പാറോട്ടുകോണം, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

6. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലെ രണ്ടു പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, ഒരു പശു ഒരു കിടാരി, മൂന്നു പശു രണ്ട് കിടാരി, അവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, കന്നുകാലികൾക്കുള്ള പാരിസ്ഥിതിക സമ്മർദ്ദ ലഘൂകരണം, ധാതുലവണമിശ്രിതം തുടങ്ങിയ പദ്ധതികൾക്ക് ക്ഷീരശ്രീ പോർട്ടൽ വഴി ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖാന്തിരം ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഇന്ന് (ഡിസംബർ 18) ആണ്. കൂടുതൽ വിവരങ്ങൾക്ക് **9497639939, 9400478717, 9496262296, 9446384666** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും ഈ മാസം 22-ന് (22.12.21) ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

8. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ക്ഷീരകർഷകർക്കായി **പാലുത്പന്നങ്ങളുടെ നിർമ്മാണം** എന്ന വിഷയത്തിൽ **ഡിസംബർ 20 മുതൽ 31 വരെയുള്ള 10 പ്രവർത്തി ദിവസങ്ങളിലായി** ഓഫ് കാമ്പസ് പരിശീലനം പട്ടണക്കാട് മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ച്ചറിംഗ് ആന്റ് ഫെസിലിറ്റേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. താൽപര്യമുള്ളവർ ഡിസംബർ **20 ന്** രാവിലെ 10

മണിയ്ക്ക് മുമ്പായി **9846083828** എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആലപ്പുഴ ജില്ലയിലെ ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പ്രവേശനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

9. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി ഇന്ന് (ഡിസംബർ 18 ന് ) **''തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും''** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഉച്ചവരെ എൽ.എം.ടി.സി സെമിനാർ ഹാളിൽ വെച്ച് ക്ലാസും ഉച്ചയ്ക്ക് ശേഷം താനാളൂർ ഫാമില് വെച്ച് സൈലേജ് നിർമ്മാണത്തിലുള്ള പ്രായോഗിക പരിശീലനവുമാണ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0494-296 2296,** **8089293728** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

10. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 28, 29 തീയതികളിൽ **ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ്, ടെറേറിയം നിർമ്മാണം** എന്നീ വിഷയങ്ങളിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ **8848420984, 9495118208** എന്നീ നമ്പരുകളിലോ, **8848420984** എന്ന വാട്ട്സാപ്പ് നമ്പരിലൂടെയോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലൂടെയോ, കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ നേരിട്ടോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം